## നമുക്ക് ജീവൻ ശുശ്രൂഷിക്കുവാൻ കഴിയും

**I. നമുക്ക് നിത്യജീവൻ ഉണ്ടെന്നും അത് ആസ്വദിക്കുന്നുവെന്നും മാത്രമല്ല, ശരീരത്തിലെ മറ്റ് അവയവങ്ങളിലേക്ക് ഈ ജീവൻ ശുശ്രൂഷിക്കുവാൻ നമുക്ക് കഴിയുമെന്നും 1 യോഹ 5:14-17-ൽ സൂചനയുണ്ട്**

- നമ്മിലുള്ള നിത്യജീവന് നമ്മിലും സഭയിലെ മറ്റ് അംഗങ്ങളിലുമുള്ള മരണത്തെ ജയിക്കുവാൻ കഴിയുമെന്ന് 14 മുതൽ 17 വരെയുള്ള വാക്യങ്ങൾ നമ്മെ കാണിക്കുന്നു
- മറ്റൊരാൾക്ക് ജീവൻ ശുശ്രൂഷിക്കുന്നതിനെക്കുറിച്ച് ബൈബിളിലുള്ള ഏക പരാമർശമാണ് വാക്യം 16
  - നമുക്ക് ജീവന്റെ അധികപങ്ക് ഉള്ളപ്പോൾ, ഈ സഹായത്തിൽനിന്ന് മറ്റുള്ളവർക്ക് ശുശ്രൂഷിക്കുവാൻ നമുക്ക് കഴിയും
- നിത്യജീവന്റെ കൂട്ടായ്മയിലുള്ള പ്രാർഥനയെക്കുറിച്ച് വാക്യം 14 സംസാരിക്കുന്നു
  - ദൈവത്തിന്റെ ഹിതപ്രകാരമുള്ള പ്രാർഥന സൂചിപ്പിക്കുന്നത് പ്രാർഥിക്കുന്നവൻ ദിവ്യജീവന്റെ കൂട്ടായ്മയിൽ വസിക്കുന്നുവെന്നും, കർത്താവിൽത്തന്നെ വസിക്കുന്നുവെന്നും, അങ്ങനെ അവൻ വാസ്തവത്തിൽ കർത്താവുമായി ഒന്നാണെന്നും ആകുന്നു
  - 1 യോഹന്നാൻ 5:16-ലെ അവൻ ചോദിക്കേണം എന്നതും അവൻ ജീവൻ നൽകുകയും ചെയ്യും എന്നതും ഒരേ വ്യക്തിയെ, അതായത്, തന്റെ സഹോദരൻ പാപം ചെയ്യുന്നത് കാണുകയും അവനെ സംബന്ധിച്ച് ചോദിക്കുകയും ചെയ്യുന്നവനെ, പരാമർശിക്കുന്നു
  - 1 യോഹ 5:16-ൽ വിവരിച്ചിരിക്കുന്നതിനനുസരിച്ച് ഒരു സഹോദരനുവേണ്ടി നാം പ്രാർഥിക്കണമെങ്കിൽ, നാം കർത്താവുമായി ഒന്നായിരിക്കേണ്ടതാവശ്യമാകുന്നു എന്നതാണ് പ്രധാന കാര്യം
- നാം അനുഭവമാക്കിയ ക്രിസ്തുവിനെ ജീവനായി ശുശ്രൂഷിക്കുന്നതാണ് ജീവന്റെ ശുശ്രൂഷ
  - ക്രൂശിന്റെ പ്രവർത്തനത്താൽ ശുശ്രൂഷ പുറത്തുവരുന്നു; ക്രൂശിന്റെ മാർഗത്താലാണ് മറ്റുള്ളവരിലേക്ക് ശുശ്രൂഷിക്കുവാനുള്ള ജീവനായ ക്രിസ്തുവിന്റെ സമ്പത്ത് നമുക്കുണ്ടായിരിക്കുന്നത്

## ജീവൻ ശുശ്രൂഷിക്കുവാൻ നാം ആദ്യം ജീവനുള്ളവർ ആകണം

**II. നാം ജീവൻ ശുശ്രൂഷിക്കണമെങ്കിൽ, പുനരുത്ഥാനത്തിന്റെ ദൈവമെന്ന നിലയിൽ നാം ദൈവത്തെ അറിയണം, അനുഭവമാക്കണം, നേടണം**

- നാം ഇനി നമ്മിൽത്തന്നെ ആശ്രയിക്കാതെ പുനരുത്ഥാനത്തിന്റെ ദൈവത്തിൽ ആശ്രയിക്കത്തക്കവണ്ണം നമ്മെ അവസാനിപ്പിക്കുവാൻ, നമ്മെ ഒരു അവസാനത്തിലേക്ക് കൊണ്ടുവരാൻ, ദൈവം ക്രൂശുമുഖാന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു
- പുനരുത്ഥാനത്തിന്റെ ദൈവം നമ്മിൽ പ്രവർത്തിക്കുമ്പോൾ, അവന്റെ ജീവനും പ്രകൃതവും നമ്മിലേക്ക് പണിതുചേർക്കപ്പെടുന്നു
- ക്രൂശിന്റെ കൊല്ലൽ പുനരുത്ഥാന ജീവന്റെ പ്രത്യക്ഷതയിൽ പരിണമിക്കുന്നു
  - യേശുവിന്റെ മരിപ്പിക്കൽ സ്വാഭാവിക മനുഷ്യനെയും, പുറത്തെ മനുഷ്യനെയും, ജഡത്തെയും നശിപ്പിക്കുന്നു, അതിന്റെ ഫലമായി പുനരുത്ഥാന ജീവനെ ജീവിച്ചു വെളിപ്പെടുത്തുവാൻ അകത്തെ മനുഷ്യന് വികാസം പ്രാപിക്കുവാനും പുതുക്കപ്പെടുവാനുമുള്ള അവസരം നൽകപ്പെടുന്നു

## ജീവൻ ശുശ്രൂഷിക്കുവാൻ നാം ശരീരത്തെ ജീവനിലും അനുഷ്ഠാനത്തിലും അറിയണം

**III. നാം ശരീരത്തെ ജീവനിൽ അറിയേണ്ടതുണ്ട്**

- ക്രിസ്തുവിന്റെ ശരീരം നമ്മിലുള്ള ജീവനായ ക്രിസ്തുവിനാൽ രൂപപ്പെടുന്നു; ക്രിസ്തുവിന്റെ ശരീരമായിത്തീരുവാൻ ഈ ജീവൻ നാമുമായി ഇഴുകിച്ചേരുന്നു
  - നമ്മിലുള്ള ജീവൻ ഒരു അവയവ ജീവനല്ല—അത് ഒരു ശരീര ജീവനാണ്
  - ഈ ജീവനിൽ നാമെല്ലാവരും ഒന്നാണ്; ജീവനിലുള്ള ഈ ഒരുമ ക്രിസ്തുവിന്റെ മാർമിക ശരീരമാണ്
- ജീവനിൽ ശരീരത്തെ അറിയുന്നത് നമ്മുടെ ജീവന്റെ അനുഭവത്തിന്റെയും ആത്മിക വളർച്ചയുടെയും ഫലമാണ്
  - ആത്മിക ജീവിതത്തിൽ നാം നാലാമത്തെ ഘട്ടത്തിൽ എത്തിയതിനുശേഷം മാത്രമേ നമുക്ക് ക്രിസ്തുവിന്റെ ശരീരത്തിന്റെ മർമം അറിയുവാൻ കഴിയുകയുള്ളൂ
  - ശരീരത്തെ അറിയുന്നതിനും ശരീരത്തിൽ ജീവിക്കുന്നതിനുമായി നാം ജഡത്തോടും, സ്വയത്തോടും, സ്വാഭാവിക സംരചനയോടും ഇടപെടേണം
- ശരീരത്തെ അറിയുന്നത് വ്യക്തിപരതയോടുള്ള ഒരു ഇടപെടലാണ്; ശരീരത്തെ അറിയാത്തവരെല്ലാം വ്യക്തിപ്രധാനരാണ്

**IV. അനുഷ്ഠാനത്തിൽ നാം ശരീരത്തെ അറിയേണ്ടതാവശ്യമാകുന്നു**

- നമുക്ക് ശരീരത്തെ അറിയാമെങ്കിൽ, നമ്മുടെ പരിഗണനയിൽ ശരീരം ഒന്നാമതായിരിക്കുകയും, സ്ഥലം സഭകൾ രണ്ടാമതായിരിക്കുകയും ചെയ്യും
- കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ഒരു വേല മാത്രമേയുള്ളൂ—ശരീരത്തിന്റെ വേല

## ജീവൻ ശുശ്രൂഷിക്കുവാൻ ക്രിസ്തുവിന്റെ ശരീരബോധത്തിൽ ജീവിക്കണം

**V. ബൈബിളിന്റെ ഉപദേശവും നമ്മുടെ ആത്മിക അനുഭവവും അനുസരിച്ച്, ക്രിസ്തുവിന്റെ ശരീരബോധം എന്ന് വിളിക്കപ്പെടുന്ന ഒന്നുണ്ട്**

- ക്രിസ്തുവിന്റെ ശരീരബോധം ക്രിസ്തുവിന്റെ ആസ്വാദനത്തിൽനിന്നു വരുന്നു
  - നാം ക്രിസ്തുവിനെ ആസ്വദിക്കുമ്പോൾ, തലയായ അവൻ നമ്മെ ശരീരബോധമുള്ളവരായിത്തീരുവാൻ ഇടയാക്കുന്നു
- ക്രിസ്തുവിന്റെ ശരീരത്തിന്റെ ബോധം നമ്മുടെ ഉള്ളിലുള്ള ക്രിസ്തുവിന്റെ ജീവന്റെ ബോധമാണ്
- ക്രിസ്തുവിന്റെ ശരീരം സാർവത്രികമാണ്, നമ്മുടെ ഉള്ളിലുള്ള ജീവൻ സാർവത്രികമാണ്, ശരീരബോധവും സാർവത്രികമാണ്
  - കർത്താവിന്റെ തകർക്കൽ നാം എത്രയധികം അനുഭവമാക്കുകയും നമ്മിൽനിന്നും വിടുവിക്കപ്പെടുകയും ചെയ്യുന്നുവോ അത്രയധികം ശരീരത്തെക്കുറിച്ചുള്ള ബോധം സാർവത്രികമാണെന്ന് നാം കണ്ടെത്തും
- ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളെന്ന നിലയിൽ നമുക്ക് ശരീരത്തെക്കുറിച്ചുള്ള ബോധവും ശരീരത്തെക്കുറിച്ചുള്ള ഒരു അനുഭൂതിയും ഉണ്ടായിരിക്കണം
  - ശരീരജീവിതം നയിക്കുവാൻ, നാം ശരീരബോധമുള്ളവരായിരിക്കേണ്ടതാവശ്യമാണ്